"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി -വിശാല കൊച്ചി വികസന

അതോറിറ്റി ഭവനസമുച്ചയ നിർമ്മാണം -തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക 20 % മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.1789/2020/LSGD തീയതി,തിരുവനന്തപുരം, 30/09/2020

---

പരാമർശം:- 1 സ.ഉ(പി )നം.77/2019/ ധന.തീയതി, 04/07/2019.

2 ജി.സി.ഡി.എ സെക്രട്ടറിയുടെ 03/01/2020-ലെ 9947/ഇ1/2017/ജി.സി.ഡി.എ നം. കത്ത്

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/02/2020, 04/08/20 എന്നീ തീയതികളിലെ LM/EW/GCDA/2018 നം. കത്തുകൾ.

4 03/08/2020-ലെ ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി.

5 സ.ഉ(സാധാ)നം.1610/2019/ത.സ്വ.ഭ.വ തീയതി, 07/09/.2020.

**ഉത്തരവ്**

കൊച്ചി നഗരത്തിൽ പി & ടി കോളനി നിവാസികളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് ജി.സി.ഡി.എ-യുടെ 70 സെൻറ് സ്ഥലത്ത് 2 ബ്ലോക്കുകളിലായി ഭവനസമുച്ചയത്തിനായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ 14,61,69,100/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിനു ടെക്നിക്കൽ കമ്മിറ്റി നൽകിയ പരാമർശം (4) സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി പരാമർശം (5) പ്രകാരം പുറപ്പെടുവിയ്ക്കുകയുണ്ടായി. രാമേശ്വരം വെസ്റ്റ് സ്കീമിൽ ലൈഫ് മിഷൻ ഭവന പദ്ധതിക്കായുള്ള സാങ്കേതികാനുമതി ലഭ്യമായതിന് ശേഷം എഗ്രിമെന്റ് വയ്ക്കുന്ന സമയത്ത് 20% മൊബിലൈസേഷൻ അഡ്വാൻസ് നൽകണമെന്ന് തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി ആവശ്യപ്പെട്ടിട്ടുണ്ട് എന്നും സാങ്കേതിക അനുമതി ലഭ്യമായതിന് ശേഷം ടി തുക നൽകാവുന്നതാണെങ്കിലും സാങ്കേതികമായ കാല താമസം ഉണ്ടാകുന്ന പക്ഷം ജിസിഡിഎ തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകുന്നതിനും ലൈഫ് മിഷനിൽ നിന്നും ടി തുക ലഭിക്കുമ്പോൾ ജി.സി.ഡി.എ അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ജിസിഡിഎ സെക്രട്ടറി അപേക്ഷിച്ചിരുന്നു. പരാമർശം (3)-ലെ 12.2.2020-ലെ കത്ത് പ്രകാരം ലൈഫ് മിഷന് ഇതിൽ എതിർപ്പില്ലെന്ന് അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൊച്ചി നഗരസഭ പരിധിയിലുള്ള പി & ടി കോളനി നിവാസികളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി വെസ്റ്റ് രാമേശ്വരം വില്ലേജിലെ (രാമേശ്വരം )സർവ്വേ നം. 485,488 എന്നിവയിലുൾപ്പെട്ട അതോറിറ്റി വക 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാലു നിലകളിലായുള്ള(G+3 floor) ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് 20 % മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥകൾ പ്രകാരം അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു .

1. പ്രൊജക്ടിന്റെ ടെക്നിക്കൽ സാങ്ഷൻ പുറപ്പെടുവിച്ച ശേഷമേ പ്രസ്തുത തുക റിലീസ് ചെയ്യാവൂ എന്നത് ലൈഫ് മിഷൻ ഉറപ്പാക്കേണ്ടതാണ്.
2. അക്രഡിറ്റഡ് ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി, ഭരണാനുമതി നൽകിയ പരാമർശം (5)-ലെയും ഇത് സംബന്ധിച്ച മുൻ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പ്രസ്തുത നിർമ്മാണ പ്രവർത്തനം നടത്തുന്നത് എന്നത് ലൈഫ് മിഷൻ കൃത്യമായും ഉറപ്പാക്കേണ്ടതാണ്.
3. അക്രഡിറ്റഡ് ഏജൻസി മേൽ പ്രവൃത്തി നടപ്പിലാക്കുന്നത് അക്രഡിറ്റേഷൻ സംബന്ധിച്ച പരാമർശം (1)-ലെ ഉത്തരവിലെ നിബന്ധനകൾ പ്രകാരമാണെന്നതും ലൈഫ് മിഷൻ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

സെക്രട്ടറി, ജി.സി.ഡി.എ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by REENAMMA P A
Date: 2020.09.30 13:24:14 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്